മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ പന്ത്രണ്ട് (12) ഇൻഡസ്ട്രിയൽ സ്കൂളുകൾ പ്രവത്തിക്കുന്നുണ്ട്.

(ബി) 1. ലളിതപുരം, 2. ഞാറയ്ക്കൽ, 3. ഇരിഞ്ഞാലക്കുട, 4. പരപ്പുക്കര, 5. അന്തിക്കാട്, 6. തൃപ്രയാർ, 7. തൊളൂർ, 8 ചേർപ്പ്, 9. വടക്കാഞ്ചേരി, 10. പൂതൃക്കോവിൽ, 11. കൊടുങ്ങല്ലൂർ, 12. നാഗർകോവിൽ എന്നീ പന്ത്രണ്ട് സ്ഥലങ്ങളിൽ സ്കൂളുകളുണ്ട്.

(സി) ഇരിഞ്ഞാലക്കുടയിൽ ഒരു സ്കൂളുണ്ട്.

(ഡി) അവിടത്തെ പ്രവത്തനം കാര്യക്ഷമമായി ഇപ്പോൾ നടക്കുന്നുണ്ട്. കൂടുതൽ സ്റ്റാഫിനെ നിയമിച്ചിട്ടുള്ളതു് തുടർന്നുപോകുന്നതിനും അവരെ സ്ഥിരപ്പെടുത്തുന്നതിനും ഉള്ള നടപടികൾ എടുക്കുന്നുണ്ട്.

തൊഴിൽതർക്കങ്ങൾ.

* 745. [36] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തിൽ ആകെ എത്ര തൊഴിൽ തർക്കങ്ങൾ ഉണ്ടായിട്ടുണ്ടു് ;

(ബി) ഇതിൽ എത്രയെണ്ണം ഒത്തുതീർപ്പിൽ എത്തിയതിനെ തുടർന്നു അവസാനിച്ചു ;

(സി) എത്ര ബാക്കിയുണ്ടു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 2746.
(ബി) 2485.
(സി) 261.

സഹമന്ത്രിമാരുടെ അഭിപ്രായങ്ങൾ.

* 746. [37] ശ്രീ. പി. കെ. യശോധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) നയപരമായ കാര്യങ്ങളെപ്പറ്റി സഹമന്ത്രിമാർ അഭിപ്രായപ്രകടനം നടത്തുന്നതിനെ ഏതെങ്കിലും വിധത്തിൽ നിയന്ത്രിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനു് പ്രേരകമായ കാര്യങ്ങൾ എന്തു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

തൊഴിലില്ലായ്മ പരിഹാര പരിപാടി.

* 747. [38] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു് എന്തെല്ലാം പരിപാടികളാണു് ഗവണ്മെൻറു് അനുവർത്തിച്ചു പോരുന്നതു് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആകെ എത്ര ആളുകൾക്ക് തൊഴിൽ കൊടുക്കാൻ കഴിയുമെന്ന് ഗവണ്മെൻറ് പ്രതീക്ഷിക്കുന്നു ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പരിപാടികളും സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ആസൂത്രണം ചെയ്യിട്ടുള്ളത്. ഇതിൽ കൂടിയേറിപാർപ്പ് പദ്ധതി, മണ്ണാലിപ്പ് പദ്ധതി, കുടിൽവ്യവസായങ്ങൾ മുതലായവ പ്രാധാന്യമർഹിക്കുന്നവയാണ്.

(ബി) ഉദ്ദേശം 6.25 ലക്ഷം ആളുകൾക്ക് ജോലി കൊടുക്കാമെന്ന് പ്രതീക്ഷിക്കുന്നു. 3.55 ലക്ഷം പേർക്ക് സ്ഥിരമായും ബാക്കി 2.70 ലക്ഷം പേർക്ക് താൽക്കാലികമായും.

രണ്ടാം പഞ്ചവത്സരപദ്ധതി ചെലവ്.

* 748. [39] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഈ സംസ്ഥാനത്തിൽ ആകെ എന്തു ചെലവ് പ്രതീക്ഷിക്കുന്നു ;

(ബി) ഇതിൽ വ്യാവസായികവികസനത്തിനു മാത്രം എന്തു ചെലവാകും ;

(സി) പ്രധാനപ്പെട്ട മറ്റിനങ്ങൾ എതെല്ലാം;

(ഡി) ഓരോന്നിനും പ്രതീക്ഷിക്കുന്ന ചെലവ് എത്ര?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 131.89 കോടി രൂപ.

(ബി) 14·80 കോടി രൂപ.

(സി) 1. അഗ്രികൾച്ചർ,
2. പവ്വർ,
3. കമ്മ്യൂണിക്കേഷൻസ്,
4. വിദ്യാഭ്യാസം തുടങ്ങിയ സോഷ്യൽ സർവ്വീസസ്.

(ഡി) 1. അഗ്രികൾച്ചർ 36.14 കോടി രൂപ.
2. പവ്വർ 28 കോടി രൂപ.
3. കമ്മ്യൂണിക്കേഷൻസ് 13.44 കോടി രൂപ.
4. സോഷ്യൽ സർവ്വീസുകൾ 39.50 കോടി രൂപ.

ക്ഷേത്രധ്വംസന പരാതികൾ.

* 749. [40] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 1955 ഫെബ്രുവരി 15–ാംതീയതിക്കുശേഷം സ്റ്റേറ്റിന്റെ വിവിധഭാഗങ്ങളിൽ നിന്നായി ക്ഷേത്രധ്വംസനങ്ങളെ സംബന്ധിച്ചു എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; ഏവിടെ നിന്നെല്ലാം ; അവ അന്വേഷിച്ചു എന്തു നടപടികൾ സ്വീകരിച്ചു ;

(ബി) നെയ്യാറ്റിൻകര താലൂക്കിൽ ചെങ്കൽപകുതിയിലുള്ള

LIBRARY ARCHIVES Kerala Legislative Assembly